ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്താനുള്ള സർവേ

118(326) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്താനുള്ള സർവേ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഈ സർവ്വേ പൂർത്തിയാക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ ;

(സി) ഈ സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കണക്കുകളിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യക്തവും സുതാര്യവും ആയ കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റ് കുറ്റമറ്റരീതിയിൽ തയ്യാറാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് 2009 മേയ്, ജൂൺ മാസങ്ങളിൽ ബി.പി.എൽ. കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയിരുന്നു. സർവ്വേ പ്രവർത്തനങ്ങൾ 2009 ജൂലൈ മാസത്തോടെ പൂർത്തീകരിച്ചിരുന്നു.

(ബി) സർവ്വേയിലൂടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ. സർവ്വേ സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം 10.25 ലക്ഷം ആയി നിജപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിൽ ഗ്രാമപ്രദേശങ്ങളിൽ 27.92 ലക്ഷം കുടുംബങ്ങളുണ്ട്.

(ഡി) കുറ്റമറ്റരീതിയിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് അദ്ധ്യാപകരെ ഉപയോഗിച്ചാണ് സർവ്വേ നടത്തി വിവരശേഖരണം നടത്തിയിട്ടുള്ളത്.സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിരുന്നു. അനർഹരെ ഒഴിവാക്കുന്നതിനും അർഹരായ പാവപ്പെട്ട കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും, ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly